**NEW AL WUROOD INTERNATIONAL SCHOOL, JEDDAH, K.S.A**

**Affiliated to CBSE – New Delhi, Affiliation No. 5730008**

**FIRST TERM EXAMINATION-June 2022-23**

**WORKSHEET-1**

**GRADE:6**

**SUBJECT: Malayalam**

---

**I. താഴെ കൊടുത്ത ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

വടക്കേ അമേരിക്കയിലെ ആരിസോണയിൽ കൈബാബ് എന്നൊരു പീഠഭൂമിയുണ്ട്. അവിടെ കുറെ മാനുകൾ ഉണ്ടായിരുന്നു. ഉദ്ദേശ്യം നാലായിരത്തോളം. ഇവയെ കൊന്നു തിന്നുന്ന ചെന്നായ്, പ്യൂമ കൊയോട്ടെ എന്നീ വിഭാഗങ്ങളിൽ പെട്ട മൃഗങ്ങളും ഉണ്ടായിരുന്നു. നിസ്സഹായരായ മാനുകളെ സംരക്ഷിക്കുന്നതിനായി ആ പ്രദേശം ഒരു മാൻ സംരക്ഷണ കേന്ദ്രമാക്കി മാറ്റി. ഇരപിടിയന്മാരെ ഗണ്യമായ തോതിൽ കൊന്നൊടുക്കുകയും ചെയ്തു. ഇതിന്റെ ഫലമായി പത്തുപതിനെട്ടു വർഷം കൊണ്ട് മാനുകൾ പെറ്റുപെരുകി ഒരു ലക്ഷത്തോളം ആയിത്തീർന്നു. വേണ്ടത്ര ഭക്ഷണം കിട്ടാതെ പതിനായിരക്കണക്കിന് മാനുകൾ ചത്തൊടുങ്ങി. ഇരപിടിയന്മാർ തിന്നൊടുക്കാറുള്ളതിൽ എത്രയോ കൂടുതൽ. പീഠഭൂമിയിലെ സസ്യസമ്പത്ത് നശിക്കുകയും ചെയ്തു.

1.മാനുകളെ കൊന്നു തിന്നുന്ന മൃഗങ്ങൾ ഏതെല്ലാമായിരുന്നു ?

2.വടക്കേ അമേരിക്കയിലെ പീഠഭൂമിയുടെ പേരെന്താണ് ?

3.മാനുകളെ രക്ഷിക്കാൻ എന്താണ് ചെയ്തത് ?

4.ഈ ഖണ്ഡിക നൽകുന്ന സന്ദേശമെന്താണ് ?

II. **കേരളത്തിന്റെ പ്രകൃതി ഭംഗിയെക്കുറിച്ച് ഒരു ചെറു ഉപന്യാസം തയ്യാറാക്കുക**

III.**നിങ്ങളുടെ സ്കൂളിൽ നടക്കുന്ന കായിക മത്സരത്തെ കുറിച്ച് സുഹൃത്തിനു ഒരു കത്ത് തയ്യാറാക്കുക.**

IV.**ഒരു ഗ്രാമരംഗം എന്ന പദ്യത്തിലെ ആദ്യ എട്ടു വരികൾ എഴുതുക.**

V.**അംഗ അംഗിവാക്യം വേർതിരിച്ചെഴുതുക**

**a)** ബ്രിട്ടീഷ് രാജ്ഞിയുടെ പ്രധിനിധിയായി വൈസ്രോയിയാണ് ഇന്ത്യ ഭരിച്ചിരുന്നത്

**b)** ഭഗത് സിംഗും കൂട്ടരും ബോംബെറിഞ്ഞ് സായിപ്പന്മാരെ നടുക്കി

**c)**

**VI. പിരിച്ചെഴുതുക**

a) വീരാരാധന
b) ആട്ടിയോടിക്കുക
c) ജനക്കൂട്ടം
d) ഇളകിപ്പറക്കുക
e) പുലരൊളി
f) താമരപ്പൊയ്ക

VII. ഉത്തരമെഴുതുക

a)നമ്മുടെ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ തുടിച്ചു നിക്കുന്നതെന്ത് ?

b)ഗ്രാമത്തിന്റെ ഏത് സവിശേഷതയാണ് മിന്നിത്തിളങ്ങുന്നത് ?

c)നെൽപാടവീഥികള് എന്താണ് അണിഞ്ഞുനിൽക്കുന്നത് ?

******************************